## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 373 — 12/05/2017-ൽ മറുപടിയ്ക്ക്.

### ക്ഷീരമേഖലയുടെ പുരോഗതിക്കായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ പി.ടി.എ.റഹീം<br>ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീര മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തെ ക്ഷീരമേഖലയിലെ പുരോഗതി ലക്ഷ്യമാക്കി ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ച് ക്ഷീരവികസന വകുപ്പ് പ്രധാനമായും താഴെപറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1) പാലിന് സബ്സിഡി<br>2) കറവപശു വളർത്തൽ<br>3) കിടാരി വളർത്തൽ<br>4) കാലിത്തൊഴുത്ത് നിർമ്മാണം<br>5) തീറ്റപ്പുൽകൃഷി<br>6) ക്ഷീരസഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്<br>7) പട്ടികജാതി ഗ്രൂപ്പുകൾക്ക് കാളക്കുട്ടി-പോത്തുകുട്ടി പരിപാലനം.<br>8) ചാണകനിർജ്ജലീകരണ യൂണിറ്റ്<br>9) കറവയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി<br>10) മൊബൈൽ ഗുണനിയന്ത്രണ പദ്ധതി |

മൃഗസംരക്ഷണ വകുപ്പ് പ്രധാനമായും താഴെപറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

1) പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ കാഫ് അഡോപ്ഷൻ പ്രോഗ്രാം, എന്ന പദ്ധതിയിൽ സബ്സിഡി വിഹിതത്തിന്റെ പകുതി സംസ്ഥാന സർക്കാരും പകുതി ഗ്രാമപഞ്ചായത്തുകളും വഹിക്കുന്നു. ഈ പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ സബ്സിഡി പൂർണ്ണമായും പഞ്ചായത്തുകൾ വഹിക്കുന്നു.

2) ഗോസമൃദ്ധി - കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ട ഗുണഭോക്തൃ വിഹിതത്തിന്റെ പകുതി ഗ്രാമപഞ്ചായത്തുകൾ വഹിക്കുന്നു

(ബി) ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കിയും ക്ഷീരകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) നടപടി സ്വീകരിക്കും. ക്ഷീരകർഷകരെ സഹായിക്കുന്നതിനും ഉൽപാദിപ്പിക്കുന്ന പാലിന് സ്ഥിരമായ വിപണിയും ന്യായമായ വിലയും ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും ഓട്ടോമേഷൻ എന്നിവയ്ക്കുമായി 2017-18–ൽ 2,585/- ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന മുഴുവൻ കർഷകർക്കും ഒരു ലിറ്റർ പാലിന് ഒരു രൂപ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിനായി 2017-18-ൽ 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിനും കാലിത്തീറ്റയുടെ ഉൽപാദനവും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(സി) കാഫ് അഡോപ്ഷൻ പ്രോഗ്രാം, ഗോവർദ്ധിനി എന്നീ പദ്ധതികളാണ് കന്നുക്കുട്ടി പരിപാലനപരിപാടിയിൽ നടപ്പാക്കിയിട്ടുള്ളത്. ഒരു പശുക്കുട്ടിയെ 4 മാസം മുതൽ 30 മാസം പ്രായം വരെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ആവശ്യമായ ചെലവിന്റെ പകുതി പരിധിയ്ക്ക് വിധേയമായി സർക്കാരിന്റെ വികസന ഫണ്ടിൽ നിന്നും ധനസഹായമായി നൽകുന്ന പദ്ധതിയാണ് ഗോവർദ്ധിനി പദ്ധതി. സമാനമായ ഒരു പദ്ധതിയാണ് കാഫ് അഡോപ്ഷൻ പ്രോഗ്രാം. ഈ പദ്ധതിയിൽ ധനസഹായത്തിന്റെ പകുതി സംസ്ഥാന സർക്കാരും ശേഷിക്കുന്ന പകുതി ഗ്രാമപഞ്ചായത്തുകളും നൽകുന്നു.

- 4 മാസം മുതൽ 30 മാസം വരെ ആവശ്യമായി വരുന്ന കന്നുകുട്ടി തീറ്റയുടെ പകുതി വില പരിധിയ്ക്ക് വിധേയമായി ധനസഹായം നൽകുന്നു.
- പശുക്കുട്ടിയെ 4 മാസം മുതൽ 32 മാസം വരെ ഇൻഷ്വർ ചെയ്യുന്ന പ്രീമിയം തുകയുടെ പകുതി ധനസഹായം നൽകുന്നു.
- കർഷകന് ശാസ്ത്രീയ പരിശീലനം നൽകുകയും 100 രൂപ പരിശീലന ബത്ത നൽകുകയും ചെയ്യുന്നു.
- ആവശ്യമായ വെറ്ററിനറി സഹായം നൽകുന്നു
- സൗജന്യ വിരമരുന്നും ധാതുലവണ മിശ്രിതവും വിതരണം ചെയ്തു വരുന്നു.

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിനും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡും, മിൽമയുമാണ് കാലിത്തീറ്റ

ഉൽപാദിപ്പിച്ച് കേരളത്തിലുടനീളം മിതമായ നിരക്കിൽ വിപണനം നടത്തിവരുന്നത്. എന്നാൽ ഇപ്പോൾ കാലിത്തീറ്റ ഉൽപ്പാദനത്തിന് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഈ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്നുണ്ട്.ചേരുവകളുടെ വിലക്കയറ്റത്തിനുസരിച്ച് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ സബ്സിഡി നിരക്കിൽ സങ്കരവർഗ്ഗ കന്നുക്കുട്ടികൾക്ക് തീറ്റ ലഭ്യമാക്കി വരുന്നുണ്ട്.

മിൽമയുടെ കീഴിലുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികളിലും ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം കർശനമായ പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. കാലിത്തീറ്റ ഉൽപാദനത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളെല്ലാം തന്നെ ഗുണമേന്മ ഉള്ളവയാണെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമെ ഉൽപാദനത്തിന് ഉപയോഗിക്കാറുള്ളു. കാലിത്തീറ്റ ഫാക്ടറികളുടെ പഴക്കം ചെന്ന യന്ത്രസാമഗ്രികൾ മിക്കവയും അത്യാധുനിക യന്ത്രസാമഗ്രികളാൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇത് ഫാക്ടറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. നൂതന പരിശോധനാ സംവിധാനങ്ങൾ പരിശോധനകളുടെ വേഗത കൂട്ടുകയും കൃത്യത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കാലിത്തീറ്റയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ